"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - നിയമ വകുപ്പിലെ അഡീഷണൽ നിയമ സെക്രട്ടറിയും കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയിൽ ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിൽ അന്യത്രസേവനത്തിലുമായിരുന്ന ശ്രീമതി ഷിൻസി പി ബി നിയമനത്തിനായി കാത്തു നിന്ന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2147/2026/GAD തീയതി,തിരുവനന്തപുരം, 05-05-2026

---

പരാമർശം:- 16.03.2026 തീയതിയിലെ സ.ഉ(സാധാ)നം.1326/2026 പൊ.ഭ.വ

**<u>ഉത്തരവ്</u>**

കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയിൽ അസിസ്റ്റന്റ് രജിസ്ട്രാർമാർക്ക് ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിലേയ്ക്ക് 01.01.2026 തീയതി പ്രാബല്യത്തിൽ സ്ഥാനക്കയറ്റം നൽകുന്നതിന് സർവ്വകലാശാല ഗവേർണിംഗ് കൗൺസിൽ തീരുമാനമെടുത്തതിനെ തുടർന്ന് പ്രസ്തുത സർവ്വകലാശാലയിൽ ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന നിയമ വകുപ്പിലെ അഡീഷണൽ നിയമ സെക്രട്ടറിയായ ശ്രീമതി ഷിൻസി പി. ബി.-യുടെ അന്യത്രസേവന കാലാവധിയിലെ ശേഷിക്കുന്ന കാലാവധി 31.12.2025 തീയതി പ്രാബല്യത്തിൽ റദ്ദാക്കപ്പെടുകയും ടിയാൾ 01.01.2026 പൂർവാഹ്നത്തിൽ നിയമ വകുപ്പിൽ റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

(2) തുടർന്ന് പരാമർശ ഉത്തരവ് പ്രകാരം നിയമ വകുപ്പിലെ ഏറ്റവും ജൂനിയറായ അഡീഷണൽ നിയമ സെക്രട്ടറി, ശ്രീ. ശ്രീകേഷ് കെ. എസ്. -നെ ജോയിന്റ് സെക്രട്ടറി തസ്തികയിലേയ്ക്ക് റിവേർഷൻ നൽകികൊണ്ട് ശ്രീമതി ഷിൻസി പി. ബി.-യെ നിയമ വകുപ്പിൽ തിരികെ പ്രവേശിപ്പിക്കുകയും കേരള ഔദ്യോഗിക ഭാഷ (നിയമ നിർമ്മാണ) കമ്മീഷനിലെ മെമ്പർ തസ്തികയിൽ നിയമിക്കുകയുമുണ്ടായി. ശ്രീമതി ഷിൻസി പി. ബി നിയമനത്തിനായി കാത്തു നിന്ന കാലയളവ് ക്രമീകരിക്കുന്നതിനുള്ള ശിപാർശ നിയമ വകുപ്പ് ലഭ്യമാക്കിയിരുന്നു.

(3) സർക്കാർ ഈ വിഷയം പരിശോധിച്ചു. നിയമ വകുപ്പിലെ അഡീഷണൽ നിയമ സെക്രട്ടറിയും തൃശ്ശൂർ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയിൽ ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനം അനുഷ്ഠിച്ചിരുന്നതുമായ ശ്രീമതി.

ഷിൻസി പി. ബി (പെൻ 152168), നിയമനത്തിനായി കാത്തിരുന്ന 75 ദിവസത്തെ (01.01.2026 മുതൽ 16.03.2026 വരെ) സർവ്വീസ് കാലയളവ്, കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾ 1958 ഭാഗം 1, റൂൾ 6 (e), കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം 1, ചട്ടം 12(7) ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ഒരു പ്രത്യേക കേസായി പരിഗണിച്ച് ക്രമീകരിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുധ .ബി
അഡിഷണൽ സെക്രട്ടറി

ശ്രീമതി. ഷിൻസി പി. ബി അഡീഷണൽ നിയമ സെക്രട്ടറി, നിയമ വകുപ്പ് (നിയമ വകുപ്പ് മുഖേന)
നിയമ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), കേരള, തിരുവനന്തപുരം.
ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം.
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Badusha S
Date: 05-05-2026 17:11:51
സെക്ഷൻ ഓഫീസർ